**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*157 13.06.2019 ൽ മറുപടിക്ക്

## ആശുപത്രികളുടെ നവീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം<br>,, എസ്.ശർമ്മ<br>,, കെ.ജെ. മാക്സി | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | സർക്കാർ ആശുപത്രികളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ; | (എ) | വിവിധ ഫണ്ടുകൾ ഉപയോഗിച്ച് സർക്കാർ ആശുപത്രികളുടെ നിർമ്മാണ പ്രവർത്തനങ്ങളും മറ്റു നവീകരണ പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. "Major Constructions Under D.H.S." എന്ന പദ്ധതിയിലൂടെ തിരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിൽ വിവിധ തരത്തിലുള്ള പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ, തുടർ നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയും നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 5 കോടി രൂപക്ക് മുകളിലുള്ള നിർമ്മാണ പ്രവർത്തനങ്ങളും, എം.എൽ.എ., എം.പി. ഫണ്ടുപയോഗിച്ചുള്ള നിർമ്മാണ/നവീകരണ പ്രവർത്തനങ്ങളും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ തനതു ഫണ്ടുപയോഗിച്ചുള്ള നവീകരണ പ്രവർത്തനങ്ങൾ, കിഫ്ബി ഫണ്ടുപയോഗിച്ചുള്ള ബൃഹത്തായ നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കി വരുന്നു. സർക്കാരിന്റെ ആസ്ഥി വികസന ഫണ്ടുപയോഗിച്ച് നിലവിലുള്ള ആശുപത്രി കെട്ടിടങ്ങളുടെ പരിപാലനവും അറ്റകുറ്റപ്പണികളും നടത്തി വരുന്നു.<br><br>കൂടാതെ 2017-18, 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ കേരളമൊട്ടാകെയുള്ള ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് എൻ.എച്ച്.എം. മുഖേന 315.72 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ ഒ.പി.വിഭാഗം രോഗീസൗഹൃദമാക്കുന്നതിന് 213.64 കോടി രൂപ അനുവദിച്ചിട്ടുണ്ട്. എല്ലാ നിർമ്മാണ പ്രവൃത്തികളും ദ്രുതഗതിയിൽ പുരോഗമിക്കുന്നു.<br><br>ആശുപത്രികൾ രോഗീ സൗഹൃദമാക്കുന്നതിനുള്ള നടപടികളും ആർദ്രം മിഷന്റെ ഭാഗമായി നടപ്പിലാക്കി |

| | | | |
|---|---|---|---|
| | | | വരുന്നു. ഇതിന്റെ ഭാഗമായി ഒ.പി വിഭാഗം രോഗീസൗഹൃദമാക്കാനുള്ള പ്രത്യേക പ്രവർത്തനങ്ങളും (ഒ.പി ട്രാൻസ്ഫർമേഷൻ) നടത്തി വരുന്നു.<br><br>കോട്ടയം, തിരുവനന്തപുരം, വയനാട്, തൃശ്ശൂർ മെഡിക്കൽ കോളേജുകൾ , മലബാർ കാൻസർ സെന്റർ, കൊച്ചിൻ കാൻസർ സെന്റർ, വിവിധ ജില്ലകളിലെ ജില്ലാ/ ജനറൽ/ താലൂക്ക് ആശുപത്രികൾ തുടങ്ങിയവയുടെ സമഗ്ര വികസനത്തിനായി കിഫ്ബിയുടെ ധനസഹായത്തിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി ഏകദേശം 5000 കോടി രൂപയുള്ള ഭരണാനുമതി നൽകി തുടർ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നു. മെഡിക്കൽ കോളേജുകളുടെ ഒ.പി പരിവർത്തനത്തിനായി 51.81 കോടി രൂപ അനുവദിച്ചു. നിലവിലുള്ള 8 മെഡിക്കൽ കോളേജുകളിൽ 7 എണ്ണത്തിന്റെ പ്രവർത്തികൾ പൂർത്തീകരിച്ചു. |
| (ബി) | ജില്ലാ ആശുപത്രികൾ നവീകരിക്കുന്നതിന്റെ ഭാഗമായി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്ന പ്രവൃത്തി ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (ബി) | അംഗീകൃത ഏജൻസികൾ മുഖേന കിഫ്ബി ധനസഹായത്തോടുകൂടി ആശുപത്രികളുടെ നവീകരണ പ്രവർത്തങ്ങൾക്കുള്ള മാസ്റ്റർ പ്ലാൻ വിവിധ സ്ഥാപനങ്ങളിൽ വിവിധ ഘട്ടങ്ങളിലായി തയ്യാറാക്കി വരുന്നു. വിവിധ ജില്ലാ ആശുപത്രികളിൽ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>1. ജില്ലാ ആശുപത്രി, കണ്ണൂർ - 57,52,00,000/-<br>2. ജില്ലാ ആശുപത്രി, മാവേലിക്കര – 126,55,00,000/-<br>3. ജില്ലാ ആശുപത്രി, കൊല്ലം - 183,00,00,000/-<br>4. ജില്ലാ ആശുപത്രി, ചെങ്ങന്നൂർ - 97,70,90,200/- |
| (സി) | എല്ലാ ജില്ലാ ആശുപത്രികളിലും കാർഡിയോളജി, ന്യൂറോളജി, നെഫ്രോളജി യൂണിറ്റുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ജില്ലാ/ജനറൽ ആശുപത്രികളിൽ ഘട്ടം ഘട്ടമായി കാർഡിയോളജി, ന്യൂറോളജി, നെഫ്രോളജി യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആർദ്രം പദ്ധതി പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന ജില്ലാ/ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം ആരംഭിക്കുന്നതിനുള്ള തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br>1. <u>ജില്ലാ ആശുപത്രി, പാലക്കാട്</u><br>കാർഡിയോളജി - ചീഫ് കൺസൾട്ടന്റ് -1<br>കാർഡിയോളജി - കൺസൾട്ടന്റ് -1<br>നെഫ്രോളജി - കൺസൾട്ടന്റ് -1<br>ന്യൂറോളജി കൺസൾട്ടന്റ് - 1<br>2. <u>ജനറൽ ആശുപത്രി, എറണാകുളം</u><br>കാർഡിയോളജി - കൺസൾട്ടന്റ് -2<br>നെഫ്രോളജി - കൺസൾട്ടന്റ് -1<br>ന്യൂറോളജി കൺസൾട്ടന്റ് - 1 |

| | | | |
|---|---|---|---|
| | | | 3. ജനറൽ ആശുപത്രി, തിരുവനന്തപുരം<br>നെഫ്രോളജി - കൺസൾട്ടന്റ് -1<br>ന്യൂറോളജി കൺസൾട്ടന്റ് - 1<br>യൂറോളജി കൺസൾട്ടന്റ് - 1<br>4. ജനറൽ ആശുപത്രി, പത്തനംതിട്ട<br>ന്യൂറോളജി കൺസൾട്ടന്റ് - 1<br>5. ജില്ലാ ആശുപത്രി, കൊല്ലം<br>യൂറോളജി കൺസൾട്ടന്റ് - 1<br>6. ജനറൽ ആശുപത്രി, തലശ്ശേരി<br>യൂറോളജി കൺസൾട്ടന്റ് - 1<br>ആർദ്രം രണ്ടാം ഘട്ടത്തിൽ തിരഞ്ഞെടുക്കപ്പെട്ട ജില്ലാ/ജനറൽ ആശുപത്രികളിലും സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ